3 സ്റ്റാർ	-	230
4 സ്റ്റാർ	-	33
5 സ്റ്റാർ	-	25
ഹെറിറ്റേജ്	-	8
ആകെ	-	324

(ബി) ലൈസൻസ് പുതുക്കി നൽകിയവ - 322

പുതുതായി ലൈസൻസ് നൽകിയവ - 2

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ ബാർ ലൈസൻസിനായി 2 ഫൈവ് സ്റ്റാർ ഹോട്ടലിന്റേയും ബിയർ/വൈൻ പാർലർ ലൈസൻസിനായി 14 ഹോട്ടലുകളുടെയും അപേക്ഷ സർക്കാരിന് ലഭിച്ചിരുന്നു. അതിൽ ബിയർ/വൈൻ പാർലർ ലൈസൻസിനായുള്ള 4 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. 2 അപേക്ഷകൾ തള്ളിക്കളഞ്ഞിരുന്നു. ബാക്കി എല്ലാ അപേക്ഷകളിലും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഹോട്ടൽ ലാൽസ് റസിഡൻസി-അടൂർ, ഹോട്ടൽ രോഹിണി ഹിൽസ് - കുന്നിക്കോട്, കൊല്ലം, ഹോട്ടൽ മലയോരം ഗേറ്റ് വെ-കോഴിക്കോട്, പറവൂർ ഗാലക്സി ഹോട്ടൽ (പ്രൈ) ലിമിറ്റഡ് - എറണാകുളം എന്നിവയുടെ ബിയർ/വൈൻ പാർലർ ലൈസൻസിനുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പുതിയ വൈൻ/ബിയർ പാർലർ ലൈസൻസിനുള്ള 14 അപേക്ഷകൾ സർക്കാരിന് ലഭിച്ചിരുന്നു. ഇതിൽ 8 അപേക്ഷകളിൽ ലൈസൻസ് അനുവദിക്കുകയുണ്ടായി. 2 അപേക്ഷകൾ തള്ളിക്കളഞ്ഞിരുന്നു. 4 അപേക്ഷകൾ പരിഗണനയിലാണ്.

സർക്കാരിന്റെ മദ്യ നയം

94 (99) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള മദ്യ നയം വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ മദ്യ നയം പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ മദ്യ നയം നടപ്പിലാക്കിയ കാലയളവിൽ മദ്യത്തിന്റെ ഉപയോഗത്തിൽ കുറവു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ വിമുക്ത കേരളം എന്ന മഹത്തായ ലക്ഷ്യം വിഭാവനം ചെയ്യുന്ന ഒരു മദ്യനയമാണ് 2014-15 വർഷത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. മദ്യവർജ്ജനത്തിലൂന്നിയ ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സർക്കാരിന്റെ മദ്യനയം എല്ലാ രീതിയിലും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ മദ്യനയം നടപ്പിലാക്കിയ കാലയളവിൽ മദ്യത്തിന്റെ ഉപയോഗത്തിൽ കുറവു വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	വിൽപ്പന (ലക്ഷം കേയ്സിൽ)	വിൽപ്പനയിലുണ്ടായ വർദ്ധനവ് /കുറവ്
2011-2012	241.78	11%
2012-2013	244.33	01%
2013-2014	240.67	- 1%
2014-2015 ഫെബ്രുവരി 14 വരെ	203.14	-8%

മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

95 (100) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;